**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2656** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം ഇന്റർ കോർപ്പറേറ്റ് ലോൺ നൽകിയിട്ടുണ്ട്; പ്രസ്തുത ലോൺ നൽകിയത് എത്ര ശതമാനം പലിശ നിരക്കിലാണെന്നും എന്തൊക്കെ ജാമ്യമായി സ്വീകരിച്ച് കൊണ്ടാണെന്നും വിശദമാക്കാമോ; | (എ) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കെ.എസ്.എഫ്.ഇ യിൽ നിന്നും 2520.69 കോടി രൂപ, 8.25% മുതൽ 8.90% വരെ പലിശ നിരക്കിൽ ഗവൺമെന്റ് ഗ്യാരണ്ടി ജാമ്യമായി സ്വീകരിച്ച ഇന്റർ കോർപ്പറേറ്റ് ലോൺ നൽകിയിട്ടുണ്ട്; |
| (ബി) | കേരള സർക്കാർ സ.ഉ.(പി).നം.131/2022/ഫിൻ. പ്രകാരം നടത്തുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ഗ്രേഡിങിൽ നിന്ന് കെ.എസ്.എഫ്.ഇ.യെ ഒഴിവാക്കി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കെ.എസ്.എഫ്.ഇ.യെ ഒഴിവാക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഇല്ല; ബാധകമല്ല; |
| (സി) | കെ.എസ്.എഫ്.ഇ. നാളിതുവരെ ഏതെല്ലാം ബാങ്കുകളിൽ നിന്ന് എത്ര രൂപ വീതം എത്ര ശതമാനം പലിശനിരക്കിൽ ഏതെല്ലാം തീയതികളിൽ കടമെടുത്തുവെന്നും അവ എന്ത് ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നുവെന്നും വിശദമാക്കാമോ; | (സി) | വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു; |
| (ഡി) | കേരള സർക്കാർ സ.ഉ.(പി).നം.3/2017 പ്രകാരം കെ.എസ്.എഫ്.ഇ.യിൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാർഗനിർദേശരേഖ പ്രസിദ്ധീകരിക്കുകയും ആയതു പാലിക്കണമെന്ന് ബഹു.ഹൈക്കോടതി ഉത്തരവായിട്ടും 2017 മുതൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ മാത്രം നടത്തി ട്രാൻസ്ഫർ നോംസ് നടപ്പിലാക്കാതെ നീട്ടികൊണ്ട് പോകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ഡി) | കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കി നിശ്ചയിക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണ്; |
| (ഇ) | കെ.എസ്.എഫ്.ഇ.യുടെ ശാഖകളിൽ നിലവിൽ സാമ്പത്തിക തിരിമറിയുമായും ചിട്ടി വായ്പ തട്ടിപ്പുമായും ബന്ധപ്പെട്ട അന്വേഷണങ്ങൾ എത്രയെണ്ണം പൂർത്തിയായിയെന്നും എത്രയെണ്ണം | (ഇ) | വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു; |

| | | | |
|---|---|---|---|
| | പുരോഗമിക്കുന്നുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ ഉൾപ്പെട്ട ശാഖകൾ,ബന്ധപ്പെട്ട ജീവനക്കാർ,തിട്ടപ്പെടുത്തിയ തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (എഫ്) | കെ.എസ്.എഫ്.ഇ. ചിട്ടി/ലോൺ തവണകൾ കുടിശികയായാൽ റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് മാറ്റാൻ സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; സമയബന്ധിതമായി റവന്യൂ റിക്കവറിയിലേക്ക് മാറ്റിയ കുടിശിക അക്കൗണ്ടുകൾ പിരിച്ചെടുക്കുന്നതിൽ പരാജയപെട്ടാൽ തുക ബന്ധപ്പെട്ട ജീവനക്കാരന്റെ റിട്ടയർമെന്റ് ആനുകൂല്യത്തിൽ നിന്ന് ഈടാക്കുമോ അതോ കുടിശികക്കാരന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ലേലം ചെയ്ത് ഈടാക്കുമോ എന്ന് വ്യക്തമാക്കാമോ; കെ.എസ്.എഫ്.ഇ അവസാനമായി വസ്തു ലേലം ചെയ്തു വിറ്റ് കുടിശിക തുക ഈടാക്കിയത് ഏത് വർഷമാണെന്ന് അറിയിക്കുമോ; കെ.എസ്.എഫ്.ഇ റവന്യൂ റിക്കവറി വിഭാഗം നാളിതു വരെ പിരിച്ചെടുക്കുവാൻ ബാക്കിയുള്ള ആകെ തുക എത്രയാണെന്ന് വിശദമാക്കാമോ; | (എഫ്) | ഉണ്ട്; സമയബന്ധിതമായി റവന്യൂ റിക്കവറിയിലേയ്ക്ക് മാറ്റിയ കുടിശ്ശിക അക്കൗണ്ടുകൾ പിരിച്ചെടുക്കുന്നതിൽ പരാജയപ്പെട്ടാൽ തുക ബന്ധപ്പെട്ട ജീവനക്കാരന്റെ റിട്ടയർമെന്റ് ആനുകൂല്യത്തിൽ നിന്നും ഈടാക്കാറില്ല. കുടിശ്ശികക്കാരന്റെയും, ജാമ്യക്കാരന്റെയും സ്ഥാവര ജംഗമ വസ്തുക്കൾ ലേലം ചെയ്ത് ഈടാക്കുകയാണ് ചെയ്യുന്നത്. കെ.എസ്.എഫ്.ഇ അവസാനമായി വസ്തു ലേലം ചെയ്ത് വിറ്റ് തുക ഈടാക്കിയത് 2023 ലാണ്. 31.01.2024 തീയതി വച്ച് റവന്യൂ റിക്കവറി വഴി 1630 കോടി രൂപ പിരിച്ചെടുക്കാനുണ്ട്; |
| (ജി) | 01.09.2022 മുതൽ നാളിതുവരെ കെ.എസ്.എഫ്.ഇ. യിൽ നിലനിൽക്കുന്ന ഒറ്റ തവണ തീർപ്പാക്കൽ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; കുടിശികയായ അക്കൗണ്ടുകളിൽ 01.09.2022ന് ശേഷം പരമാവധി എത്ര ശതമാനം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്; കുടിശികയായ അക്കൗണ്ടുകളിൽ 01.09.2022ന് ശേഷം ഇളവ് നൽകിയ അക്കൗണ്ടുകളുടെ എണ്ണം ആകെ തുക എന്നിവ വിശദമാക്കാമോ? | (ജി) | 'ആശ്വാസ്-2021' എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സർക്കാർ അംഗീകാരത്തോടെ കാലാവധി ദീർഘിപ്പിച്ച് 05.09.2023 വരെ നിലവിലുണ്ടായിരുന്നു. കുടിശ്ശികയായ അക്കൗണ്ടുകളിൽ 01.09.2022 ന് ശേഷം പരമാവധി 90% വരെ ഏതാനും അക്കൗണ്ടുകളിൽ മാത്രം പലിശയിളവ് അനുവദിച്ചിട്ടുണ്ട്. അതേ സമയം തന്നെ ഇടപാടുകാരുടെ മരണം, അസുഖം, സാമ്പത്തിക തകർച്ച എന്നിവ മൂലം പ്രയാസം അനുഭവിക്കുന്നവരുടെ അക്കൗണ്ടുകളിൽ പ്രത്യേക പരിഗണന നൽകി 100% പലിശയിളവും വളരെ കുറച്ചുപേർക്ക് അനുവദിച്ചിട്ടുണ്ട്; കുടിശിക യായ 7544 അക്കൗണ്ടുകളിലായി 108.99 കോടി രൂപ 01.09.2022ന് ശേഷം ഇളവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| നിലവിൽ ഉള്ള വായ്പകൾ | | | | |
|---|---|---|---|---|
| ബാങ്ക് | രൂപ (കോടിയിൽ) | ലോൺ എടുത്ത/പുതുക്കിയ തിയ്യതി | പലിശ നിരക്ക് (%) | ആവശ്യം |
| ധനലക്ഷ്മി ബാങ്ക് | 130 | 01.11.2023 | 8.30 | ഇന്റർ കോർപ്പറേറ്റ് ലോൺ നല്കുന്നതിനു വേണ്ടി |
| ഫെഡറൽ ബാങ്ക് | 300 | 16.08.2023 | 8.65 | |
| കാനറാ ബാങ്ക് | 150 | 30.11.2023 | 8.30 | |
| | 350 | 21.12.2023 | | |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 120 | 02.02.2024 | 8.50 | |
| | 300 | 10.11.2023 | 8.35 | |
| ഇന്ത്യൻ ഓവർ സീസ് ബാങ്ക് | 300 | 29.09.2023 | 8.20 | |
| | 50 | 15.11.2023 | | |
| സൗത്ത് ഇന്ത്യൻ ബാങ്ക് | 200 | 30.12.2023 | 8.25 | |
| | 100 | 19.12.2023 | | |
| ബാങ്ക് ഓഫ് മഹാരാഷ്ട്ര | 500 | 27.09.2023 | 8.20 | ഉയർന്ന നിരക്കിൽ നിക്ഷേപിക്കുന്നതിനു വേണ്ടി |
| | 300 | 25.09.2023 | 8.20 | |
| ഫെഡറൽ ബാങ്ക് | 200 | 16.08.2023 | 8.65 | |
| ഇന്ത്യൻ ഓവർ സീസ് ബാങ്ക് | 150 | 21.08.2023 | 8.20 | |

| | | | | |
|---|---|---|---|---|
| ബാങ്ക് ഓഫ് മഹാരാഷ്ട്ര | 100 | 19.08.2023 | 8.20 | ബിസിനസ്സ് ആവശ്യത്തിനു വേണ്ടി |
| സൗത്ത് ഇൻഡ്യൻ ബാങ്ക് | 87 | 29.01.2024 മുതൽ 05.02.2024 വരെ | 8.25 | |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

| സാമ്പത്തിക വർഷം | അന്വേഷണം പൂർത്തിയായ ബ്രാഞ്ചുകൾ | തിട്ടപ്പെടുത്തിയ തുക | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 2022-2023 | 59 | ₹ 216866493 (21.68 കോടി രൂപ) | 369 |
| 2023-2024 (06.02.2024 വരെ) | 23 | ₹ 68115251 (6.81 കോടി രൂപ) | 68 |

കൊല്ലം, ചവറ, പടിഞ്ഞാറെത്തറ, കൂരാച്ചുണ്ട്, കുന്നമംഗലം എന്നീ ബ്രാഞ്ചുകളിൽ അന്വേഷണം പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ